II. ശ്രദ്ധക്ഷണിക്കൽ

(1) ഡി.പി.ഇ.പി. യുടെ നടത്തിപ്പിൽ ഉള്ളതായി പറയപ്പെടുന്ന അപാകതകൾ

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, സംസാരിക്കാൻ അനുവദിച്ചതിന്, നന്ദി. "വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നടത്തുന്ന ശ്രമങ്ങളെ കുറെക്കൂടി സഹിഷ്ണതയോടുകൂടി പ്രതിപക്ഷം കാണണം"- ഇത് 1999 ജനുവരി മാസം 29-ാം തീയതി വെള്ളിയാഴ്ച ബഹുമാനപ്പെട്ട മന്ത്രി എന്റെ ശ്രദ്ധക്ഷണിക്കലിന് മറുപടിയായി ഈ നിയമസഭയിൽ പറഞ്ഞതാണ്. അദ്ദേഹം വേറെ കുറെ കാര്യങ്ങൾകൂടി അറിയിച്ചിരുന്നു. നിയമസഭാ സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് പഠന റിപ്പോർട്ടുകളുടെ കോപ്പിയും കരിക്കുലം അപ്രോച്ച് പേപ്പറിന്റെ കോപ്പിയും അംഗങ്ങൾക്ക് നൽകുന്നതാണെന്ന മന്ത്രിയുടെ പ്രസ്താവന മന്ത്രി ഉപദേശിച്ച സഹിഷ്ണുതയോടെ സഹിച്ച് അജഗളസ്തനം ഇന്നുവരും നാളെ വരുമെന്നുപറഞ്ഞ് നോക്കിയിരിക്കുകയാണ് പ്രതിപക്ഷം. ഈ കടലാസ് ദയവായി മേശപ്പുറത്തു വയ്ക്കണം. സായിപ്പൻമാരെ കാണിക്കാൻ അടിച്ചിറക്കിയിട്ട് പൂഴ്ത്തിവെച്ചിരിക്കുന്ന എസ്.സി.ഇ.ആർ.ടി യുടെ ആനുവൽ റിപ്പോർട്ടിന്റെ പുറംചട്ടയിൽ സന്തുഷ്ടനായി ചിരിക്കുന്ന ഒരു കുട്ടിയുടെ പടമുണ്ട്. ആ കുട്ടി ഡി.പി.ഇ.പി. സ്കൂളിൽ പഠിക്കുന്ന കുട്ടിയല്ല സെന്റ് തോമസ് റെസിഡൻഷ്യൽ സ്കൂളിൽ പഠിക്കുന്ന അഭിമന്യുവാണ്. ഡി.പി.ഇ.പി.യുടെ മുൻ ഡയറക്ടർ സുരേഷ് കുമാറിന്റെ മകന്റേതാണ് ആ പടം. ആ റിപ്പോർട്ടും ഈ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. പുറംചട്ട തൊട്ട് അങ്ങോട്ടുള്ള പൊയ്മുഖങ്ങളടർത്താൻ അങ്ങ് സഹകരിക്കണം. ഞാൻ വസ്തുതാപരമായ കാര്യങ്ങളാണ് പറയുന്നത്. എം.പി.യിലെ ഋഷിവാലിയിലും (ഐ.എ.എസ്. കാർക്ക് പരിശീലനം കൊടുക്കുന്നതല്ല) ട്രൈബൽസിനുവേണ്ടിയിട്ടുള്ള ലൊട്ടുലൊടുക്ക് ഏർപ്പാടുകൾ നടത്തുന്ന ഋഷിവാലിയാണ്. ആ ഋഷിവാലിയിലും എം.പി.യിലെ ഏകലവ്യാ പ്രോജക്ടിലും രാജസ്ഥാനിലെ സ്വദേശ് പ്രോജക്ടിലുമൊക്കെ നടത്തുന്ന ..... (ബഹളം).....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ലൊട്ട് ലൊടുക്കെന്നൊക്കെ പറയുന്നത് ശരിയാണോ?.....

പ്രൊഫ: സാവിത്രി ലക്ഷ്മണൻ : ട്രൈബൽസിനുവേണ്ടി നടത്തുന്ന നല്ല കാര്യങ്ങളോട് എനിക്ക് അഭിപ്രായവ്യത്യാസമില്ല. പക്ഷെ ഋഷിവാലിയിൽ നടക്കുന്നത് ലൊട്ടുലൊടുക്കേർപ്പാടുകൾ തന്നെയാണ്. ഇവിടത്തെ ആളുകളെ കൊണ്ടുപോയ ഇടങ്ങളെക്കുറിച്ചാണ് ഞാൻ പറയുന്നത്. മധ്യപ്രദേശിൽ കൊണ്ടുപോയി, ആന്ധ്രാപ്രദേശിൽ കൊണ്ടുപോയി, രാജസ്ഥാനിൽ കൊണ്ടുപോയി ശരിയായ വാക്കാണെങ്കിൽ 'പിക്കിനിക്കിന്' പോയി ഇവിടെ തിരിച്ചുവന്ന് ഫൈവ്സ്റ്റാർ ഹോട്ടലിൽ തമ്പടിച്ച് സുധീഷ് ശുക്ലയുടെ നേതൃത്വത്തിൽ കരിക്കുലം തയാറാക്കിയപ്പോൾ തകർന്നടിഞ്ഞത് എന്താണെന്ന് അങ്ങ് ശ്രദ്ധിക്കണം. മൾട്ടിഗ്രേഡ് റ്റീച്ചിംഗ് സെന്ററുകൾ മൾട്ടിഗ്രേഡ് തട്ടിപ്പായി മാറിയതിനെപ്പറ്റി അങ്ങ് അന്വേഷിച്ച് ഈ സഭയിൽ ഉത്തരം ധരിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രി അങ്ങേയ്ക്ക് അറിയാമോ ഇവിടത്തെ പ്രൈമറി വിദ്യാർത്ഥികൾക്ക് disletia, disgraphia എന്നീ അസുഖങ്ങളാണ്-മാനസികമായ ക്രമക്കേടുകൾ. കുഞ്ഞുങ്ങളെ മാനസിക ക്രമക്കേടുള്ളവരായി ചിത്രീകരിച്ച് വാങ്ങിക്കൂട്ടിയ 240 കോടി രൂപയുണ്ടല്ലോ അത് ചുരുങ്ങിയപക്ഷം ഈ കുഞ്ഞുങ്ങളുടെ ഭാവി

LIBRARY ARCHIVES Kerala Legislative Assembly

കരുപിടിപ്പിക്കുന്ന നല്ല കാര്യങ്ങൾക്ക് നീക്കിവയ്ക്കണം. ഡി.പി.ഇ.പിക്കു വേണ്ടി കരിക്കുലം പരിഷ്കരിക്കാൻ 14.10.1996-ൽ നായനാർ സർക്കാർ ഇറക്കിയ ജി.ഒ.(ആർ.ടി.) 3128/96 ജനറൽ എഡ്യൂക്കേഷൻ എന്ന ജി.ഒ. കെ.ഇ.ആർ അനുസരിച്ച് പ്രാഥമിക സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം സംസ്ഥാന വിദ്യാഭ്യാസ പഠന ഗവേഷണ കേന്ദ്രത്തിനായിരിക്കണമെന്ന ചട്ടത്തിന്റെ നഗ്നമായ ലംഘനമാണ്. എന്നിട്ടുപോലും അത് എസ്.സി.ഇ.ആർ.ടി. യുടെ തലയിൽ കെട്ടിവയ്ക്കുകയല്ലേ? പൂത്തിരി 1998-ഉം പൂത്തിരി 1999-ഉം ഞാൻ വായിച്ചു. 1998-ലെ പൂത്തിരി കേരള സർക്കാരിനുവേണ്ടി ഡി.പി.ഇ.പി. (കേരളം) തയ്യാറാക്കി, സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി 1998-ൽ പ്രസിദ്ധീകരിച്ചത്. 1999-ലെ പൂത്തിരി കേരള സർക്കാരിനുവേണ്ടി സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ സമിതി തയ്യാറാക്കിയത്. അപ്പോൾ രണ്ടും തയ്യാറാക്കിയത് രണ്ട് കൂട്ടർ. ഇത് രണ്ടും തമ്മിൽ എന്താണ് വ്യത്യാസം? 1998-ലെ 'കുടു കുടു കുടു', 1999-ആയപ്പോൾ തലക്കെട്ട് മാറി 'പുതുമഴ'യായി. 1998-ലെ 'കാ കാ കിയാ കിയാ' 1999-ൽ 'വീട്ടുവിശേഷ'മായിമാറി. 1998-ലെ 'കുഞ്ഞികുറുക്കൻ' 1999-ൽ 'അമ്മയും കുഞ്ഞു'മായി. വേറെ നാല് തലക്കെട്ടു കൂടി മാറിയിട്ടുണ്ട്. അത് ഞാൻ വായിക്കുന്നില്ല. ഇതുപോലെ തലക്കെട്ടുകൾ മാറിയിട്ടുണ്ട്. ഇത്തരത്തിൽ ഫ്ളിംസിയായ തലക്കെട്ടുകൾ മാറ്റാൻ പ്രൊഫ. ഗുപ്തൻ നായരെപ്പോലുള്ള പ്രഗത്ഭനായ ഒരു ചെയർമാന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധർതന്നെ വേണോ? പ്രൊഫ. ഗുപ്തൻ നായരുടെ നേതൃത്വത്തിൽ പ്രഗത്ഭന്മാരായ പ്രൊഫസർമാർ അടങ്ങിയ ഒരു സമിതിയെയാണ് പരിഷ്കാരത്തിനുവേണ്ടി നിയോഗിച്ചിട്ടുള്ളതെന്നും പ്രാഥമിക റിപ്പോർട്ട് നൽകി. ബാക്കി റിപ്പോർട്ടിനുവേണ്ടി കാത്തിരിക്കുകയാണെന്നുമൊക്കെ കഴിഞ്ഞ ആഴ്ചയിലും അങ്ങ് ഈ നിയമസഭയിൽ പറയുകയുണ്ടായി. ഡി.പി.ഇ.പി. അല്ല, എസ്.സി.ഇ.ആർ.ടി. ആണ് പുസ്തകം തയാറാക്കിയതെന്ന് ഇങ്ങനെ എസ്റ്റാബ്ളിഷ് ചെയ്യുന്നതിൽ യഥാർത്ഥത്തിൽ അങ്ങ് സംതൃപ്തനാണോ? ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടൊപ്പം 1996-ൽ വാഷിംഗ്ടണിൽ നടത്തിയ യാത്ര മറന്നിട്ടില്ലല്ലോ. റോമും പോപ്പും ഗീതയുമായിട്ട് വിദേശയാത്രകൾ പത്രപംക്തികളിൽ സ്ഥാനം പിടിക്കുകയാണ്. പക്ഷെ ജി.ഒ. (ആർ.ടി.) 2148/29.6.1996 അനുസരിച്ച് ഡി.പി.ഇ.പി വിപുലീകരിക്കാനും വ്യാപിപ്പിക്കാനും കേരളാ ഗവൺമെന്റിനുവേണ്ടി റെപ്രസെന്റ് ചെയ്യാൻ വാഷിംഗ്ടണിലെ ഇന്ത്യൻ എംബസിയുടെ സാമ്പത്തിക വിദഗ്ദ്ധൻ ശ്രീ. നാരായണൻ വെള്ളൂരിയെ ചുമതലപ്പെടുത്തിയതും അദ്ദേഹം കേരളാ ഗവൺമെന്റിനുവേണ്ടി ഒപ്പിട്ടതും ഈ നാട്ടുകാരെ അറിയിക്കാതിരുന്നത് എന്തുകൊണ്ടാണ്? 1996 ജൂലൈ 15-ന് വാഷിംഗ്ടണിൽ ലോക ബാങ്കിന്റെ ആസ്ഥാനത്ത് നടന്ന ആ ഒപ്പിടൽ ചടങ്ങിനുമുമ്പ് രാവിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അവിടെ പറന്നെത്തിയത് എന്തിനാണ്? നിങ്ങൾ ലോക ബാങ്കുമായിട്ട് എന്തൊക്കെ ചർച്ച ചെയ്തു എന്നുള്ളത് ഞങ്ങൾക്കും കൂടി അറിയണം. ഭരണപക്ഷത്തുള്ളവർ പറന്നു നടക്കുന്നതിനോട് ഞങ്ങൾക്ക് വിരോധമില്ല. പക്ഷെ പറന്നുപറന്ന് പറത്തിക്കളയുന്ന മൂല്യങ്ങളെക്കുറിച്ചും അവയ്ക്ക് സംഭവിക്കുന്ന ച്യുതികളെക്കുറിച്ചും ഞങ്ങൾ ഉത്കണ്ഠാകുലരാണ്. അതുകൊണ്ട് ആ കാര്യങ്ങൾകൂടി ഈ സഭയെ അറിയിക്കണം. ലോക ബാങ്കുമായി ഡി.പി. ഇ.പി. ക്ക് അടുത്ത ബന്ധമില്ലെങ്കിൽ ഇവിടെയെത്തിയ ലോക ബാങ്ക് ഉദ്യോഗസ്ഥന്മാരെ ഡി.പി.ഇ.പി.യുടെ മുൻ ഡയറക്ടറും ഇപ്പോഴത്തെ ഡയറക്ടറുമൊക്കെ ചെന്നുകണ്ടതും ചർച്ച ചെയ്തതും എന്തിനായിരുന്നു? 1996 ജൂലൈ 2-ാം തീയതിയിലെ ദേശാഭിമാനിയിൽ കെ. ജയദേവൻ,

LIBRARY ARCHIVES Kerala Legislative Assembly

കെ. സുരേഷ്കുമാർ, എ. ഷാജഹാൻ എന്നിവരും ആ ചർച്ചയിൽ പങ്കെടുത്തുവെന്ന് പറഞ്ഞിട്ടുണ്ട്. ചർച്ച ചെയ്തത് വീട്ടുകാര്യങ്ങൾ ആവില്ലല്ലോ. ആ സ്ഥിതിക്ക് ചർച്ച ചെയ്ത കാര്യങ്ങൾ എന്താണെന്ന് അറിയണം. 4.5.1999-ലെ കേരള കൗമുദിയിൽ കെ. സുരേഷ്കുമാറിന്റെ പേരുവച്ച് എഴുതിയ ലേഖനം പി.ആർ.ഡി. അങ്ങയെ കാണിച്ചിട്ടുണ്ടാകും. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കമ്മീഷൻ ഹോട്ടൽ ചൈത്രത്തിൽ താമസിച്ച് ചർച്ച ചെയ്ത കാര്യങ്ങൾ 1996 ജൂലൈ 14-ന് ദേശാഭിമാനിയിൽ പബ്ലിഷ് ചെയ്തതിന്റെ വിശദവിവരങ്ങൾ അറിയണം. അമേരിക്കൻയാത്ര കഴിഞ്ഞ് വന്നയുടനെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു ധവളപത്രം ഇറക്കുമെന്ന് പറയുകയുണ്ടായി. ആ ധവളപത്രത്തെ കുറിച്ചുള്ള വിവരങ്ങൾ അറിഞ്ഞാലെ ഡി.പി.ഇ.പി. യിലെ ക്രമക്കേടുകളെകുറിച്ച് ഞങ്ങൾക്കുള്ള ധാരണകൾ തിരുത്തികുറിക്കാൻ സാധിക്കുകയുള്ളൂ, പൊതുജനങ്ങളെ ബോധ്യപ്പെടുത്താൻ സാധിക്കൂ. അതുകൊണ്ട് തൃപ്തികരമായ സമാധാനം നിയമസഭയിൽ ഞങ്ങൾക്ക് തരണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി നന്ദി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പുതിയതായി എന്തെങ്കിലും കാര്യം പറഞ്ഞതായി എനിക്ക് തോന്നുന്നില്ല. പലതവണ ഇവിടെ പറഞ്ഞ വാക്കുകളും വാചകങ്ങളും ആവർത്തിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. 'കുടുകുടു' ഇവിടെ എത്ര തവണ പറഞ്ഞിട്ടുണ്ട്. തലക്കെട്ട് മാറ്റിയത് വിദഗ്ദ്ധ സമിതിയാണ്. 'കുടുകുടു' വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയ്തതല്ല. അത്തരം കാര്യങ്ങൾ ഉൾപ്പെടെ ഇവിടത്തെ വിദഗ്ദ്ധ സമിതി പരിശോധിച്ച് തലക്കെട്ടിൽ മാത്രമാണ് മാറ്റം വരുത്തിയിട്ടുള്ളത്. അടിസ്ഥാന സമീപനത്തിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് വിദഗ്ദ്ധസമിതി റിപ്പോർട്ട് ചെയ്തതാണ്. കുട്ടികളെ പരിശീലിപ്പിക്കാനും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനും ഏറ്റവും അനുയോജ്യമാണിതെന്ന് കമ്മിറ്റി അഭിപ്രായപ്പെട്ടു. ഇപ്പോൾ കമ്മിറ്റിക്കുനേരെ തിരിഞ്ഞിരിക്കുകയാണ്. ഏതെങ്കിലും തരത്തിൽ വിമർശിക്കണം. ഇപ്പോൾ ലോകബാങ്കിനെതന്നെ തൊട്ടുകൂടായെന്ന് വന്നിരിക്കുന്നു. ഇത് ലോക ബാങ്ക് നേരിട്ട് തരുന്നതല്ലായെന്ന് എല്ലാപേർക്കും അറിയാം. ലോകബാങ്ക് ധന സഹായം ചെയ്യുന്ന ഒരു പദ്ധതിയാണ്. ലോക ബാങ്കിൽനിന്നും വായ്പ കിട്ടുന്ന തുക കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് ഗ്രാന്റായി നൽകുന്നു. എത്ര വകുപ്പുകളിലാണ് ഇത് നടക്കുന്നത്? ലോകബാങ്കിനോട് ഇത്ര തൊട്ടുകൂടായ്മയാണോ? എത്രയോ വാട്ടർ സപ്ലൈ സ്കീമുകൾ ഉണ്ട് ഈ സംസ്ഥാനത്ത്. എത്രയോ സ്കീമുകൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. അത്തരത്തിലുള്ള സ്കീമുകൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ലോകബാങ്കുമായി ചർച്ചകൾ നടത്തുന്നു. ഇതിനുമാത്രം എന്താണ് പ്രത്യേകത? ഇവിടെ മൾട്ടിഗ്രേഡ് സെന്ററുകളെപ്പറ്റി പറയുകയുണ്ടായി. ഏതാനും മൾട്ടി ഗ്രേഡ് സെന്ററുകൾ ഈ ജില്ലയിൽ നടക്കുന്നുണ്ട്. കൊഴിഞ്ഞുപോയിട്ടുള്ള കുട്ടികൾ, സ്കൂളിൽ ചേരാതിരുന്ന കുട്ടികൾ തുടങ്ങിയുള്ള കുട്ടികളെയെല്ലാം ഒരു സെന്ററിൽ ഒന്നിച്ചുചേർത്ത് ഒരു ടീച്ചർ അവർക്ക് പരിശീലനം നൽകുന്നു. നിലവാരമനുസരിച്ച് അവരെ പിന്നീട് സ്കൂളുകളിലേക്ക് അയക്കുന്നു. സ്കൂളുകൾ ഇല്ലാത്ത റിമോട്ട് ഏരിയായിൽ അവരെ ഒന്നിച്ചു ചേർത്ത്..... ഇത്തരം കേന്ദ്രങ്ങൾ നടത്തുന്നതിന് വലിയ പ്രസക്തിയുണ്ട്. കൊഴിഞ്ഞുപോക്ക് ഉള്ളിടത്തോളം കാലം, ഏതാനും കുട്ടികൾ സ്കൂളിൽ ചേരാതിരിക്കുന്നിടത്തോളം കാലം പല പ്രായത്തിലുള്ളവരെ പല തരത്തിൽ പരിശീലിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ച്ചെടുക്കുന്നതിന് മൾട്ടി ഗ്രേഡ് സെന്ററുകൾക്ക് പ്രസക്തിയുണ്ട്. ഡി.പി.ഇ.പി നടപ്പിലാക്കുന്ന ഇത്തരം സെന്ററുകൾ പ്രധാനപ്പെട്ട ജില്ലകളിൽ തുടങ്ങിക്കഴിഞ്ഞു. അവിടെയും ഇവിടെയും ഒന്നുതൊട്ട് അന്ധൻ ആനയെ കണ്ടതുപോലെ കാര്യങ്ങൾ പറയുന്നത് ഖേദകരമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചതുപോലെ നിയമസഭയുടെ സബ്ജക്ട് കമ്മിറ്റിക്ക് ഇത് ശരിയായി വിലയിരുത്താനുള്ള അവസരം ഉണ്ടാക്കികൊടുക്കുകയാണ്. പുതിയ മാറ്റങ്ങൾ കുട്ടികളുടെ ചിന്താശക്തിയെ, ഭാവനയെ ഉദ്ദീപിപ്പിക്കുവാനും കുട്ടികളുടെ കഴിവ് വളർത്തിയെടുക്കാനും ഏറ്റവും അനുയോജ്യമാണ്. ഇതിലെ ന്യൂനതകൾ ചൂണ്ടിക്കാണിച്ചാൽ സ്വാഗതം ചെയ്യാമായിരുന്നു. അധ്യാപക പരിശീലനവുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിച്ച ന്യൂനതകൾ അംഗീകരിച്ചുകൊണ്ട് കുറവുകൾ നികത്താനുള്ള സംവിധാനം നടത്തിക്കൊണ്ടിരിക്കുകയാണ്. എസ്.സി.ഇ.ആർ.ടി. ഇന്ന് 13 ജില്ലകളിൽ നടപ്പാക്കികൊണ്ടിരിക്കുകയാണ്. എസ്.സി.ഇ.ആർ.ടി യുടെ പരാമർശങ്ങൾ കെ.ഇ.ആറിൽ ഇല്ല. ഇത് നടപ്പാക്കുന്ന ചുമതല എസ്.സി.ഇ.ആർ.ടി യെതന്നെ ഏൽപ്പിച്ചിരിക്കുകയാണ്. ഡി.പി.ഇ.പി. നടപ്പിലാക്കുന്ന നാലു ജില്ലകളിൽ മാത്രമല്ല ഈ പരിഷ്കാരം നടപ്പിലാക്കുന്നതെന്ന് ആവർത്തിച്ചുപറയുകയുണ്ടായി. കാര്യങ്ങൾ അധ്യാപകർ ശരിക്കും ഉൾക്കൊണ്ടുകൊണ്ട് കുട്ടികളെ പരിശീലിപ്പിക്കുമ്പോൾ ഉണ്ടാകുന്ന കുറവുകൾ നികത്താൻ കഴിയണം. 43,000 അധ്യാപകരിൽ 36,000 പേർക്ക് ഈ അവധിക്കാലത്തുതന്നെ പരിശീലനം കൊടുത്തു. ബാക്കിയുള്ള അധ്യാപകർക്ക് പരിശീലനം നടത്തിക്കൊണ്ടിരിക്കുകയാണ്. തുടർന്ന് ക്ളസ്റ്റർ റിസോഴ്സ് സെന്ററുകൾ, ബ്ളോക്ക് റിസോഴ്സ് സെന്ററുകൾ എന്നിവയിലൊക്കെ ആയി പരിശീലന പരിപാടി തുടരുകയാണ്. വിലയിരുത്തലുകളും തുടർന്ന് നടത്തുകയാണ്. ഈ മേഖലയിൽ ഒരു ജീർണത അനുഭവപ്പെട്ടിരിക്കുന്നു. ഈ മേഖലയിൽ ഒരു മാറ്റം വരണം. കുട്ടികൾ പഠിക്കേണ്ടത് കാര്യമായി പഠിക്കുന്നില്ല. ഒന്നും അറിയാതെ കുട്ടികൾ ആൾ പ്രൊമോഷനായി അഞ്ചാം ക്ളാസ് വരെ പ്രവേശിക്കുന്നു. അതിന് ഒരു മാറ്റം വരുത്തിക്കൊണ്ട് ശിശുകേന്ദ്രീകൃതമായിട്ടുള്ള പ്രവർത്തനോന്മുഖമായിട്ടുള്ള ഈ രീതി നടപ്പിലാക്കുന്നതിനോട് തത്വത്തിൽ ആരെങ്കിലും വിയോജിച്ചിട്ടുണ്ടോ? തത്വത്തിൽ എല്ലാപേരും യോജിച്ചിരിക്കുകയാണ്. ഈ പാഠ്യപദ്ധതി പരിഷ്കാരം ഡി.പി.ഇ.പി. യുള്ള നാല് ജില്ലകളിൽ ആദ്യം നടപ്പിലാക്കിയെന്നേയുള്ളൂ. ബോധനരീതിയിലുള്ള മാറ്റം എല്ലാ ജില്ലകളിലും നടപ്പിലാക്കികൊണ്ടിരിക്കുന്നു. ഈ സമീപനത്തോട് പൊതുവേ എല്ലാപേരും യോജിച്ചിരിക്കുകയാണ്. ഗുപ്തൻ നായർ കമ്മിറ്റിയും ആ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ആ നിലപാട് സ്വീകരിച്ചുകൊണ്ട് ഈ കാര്യത്തിൽ നയപരമായ മാറ്റം അംഗീകരിച്ചുകൊണ്ട് പ്രായോഗികമായ ബുദ്ധിമുട്ട് ഉണ്ടെങ്കിൽ പരിഹരിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. പ്രായോഗികതലത്തിൽ ബുദ്ധിമുട്ട് ഉണ്ടെങ്കിൽ, കുറവ് ഉണ്ടെങ്കിൽ അത് തീർത്തുകൊണ്ട് മുന്നോട്ടുപോകുന്നതാണ്. ബഹുമാനപ്പെട്ട പ്രൊഫ. സാവിത്രി ലക്ഷ്മണൻ ഏതാനും സ്കൂളുകളിൽ പോയി കുട്ടികളുമായി ബന്ധപ്പെട്ട് മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് നേരിട്ട് ബോദ്ധ്യപ്പെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കുട്ടികളുടെ കർമ്മശേഷി വർദ്ധിപ്പിക്കാനും അവരെ കൂടുതൽ കാര്യങ്ങൾ അറിയുന്നവരായി മാറ്റാനും കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുന്നവരായി മാറ്റാനും ഈ മാറ്റങ്ങൾ തീർച്ചയായും പ്രയോജനപ്പെടുമെന്നുമാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മി.സ്പീക്കർ : ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിതന്നെ ഇത്തരം സ്കൂളുകളിൽ പോയി മനസ്സിലാക്കട്ടെ, അതാണ് നല്ലത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ. ജോസഫ് : യെസ് സാർ, അങ്ങനെ ആയിക്കോട്ടെ.

പ്രൊഫ.സാവിത്രി ലക്ഷ്മണൻ : ഡി.പി. ഇ.പി. യോട് തത്വത്തിൽ ഒരു വിയോജിപ്പും പ്രതിപക്ഷത്തിനില്ല. യു.ഡി.എഫ് ഗവൺമെന്റാണ് ഡി.പി. ഇ. പി. ആവിഷ്കരിച്ചതുതന്നെ. പിന്നെ എങ്ങനെയാണ് ഞങ്ങൾക്ക് വിയോജിക്കാൻ സാധിക്കുന്നത്? പക്ഷെ പുറത്തു കാണിക്കേണ്ട റിപ്പോർട്ടുകൾ പൂഴ്ത്തിവയ്ക്കുന്നതിനെക്കുറിച്ചാണ് ഞങ്ങൾക്ക് എതിർപ്പുള്ളത്. എല്ലാം സുതാര്യമായിരിക്കണം എന്നുള്ള ഒരു അഭിപ്രായം ഉണ്ടല്ലോ. അതിനോട് ചേർന്നു നിന്നുകൊണ്ടാണ് ഞാനിവിടെ സംസാരിച്ചത്. അതുകൊണ്ട് ചോദിക്കുകയാണ് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അങ്ങ് ഉറപ്പുനൽകിയതുപോലെ ഈ ബന്ധപ്പെട്ട പഠന കരിക്കുലം അപ്രോച്ച് പേപ്പറിന്റെയും ഒക്കെ കോപ്പി കൂടി ഒന്ന് കാണിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഡി.പി. ഇ.പി യുടെ വിശദമായിട്ടുള്ള നടത്തിപ്പിനെ സംബന്ധിച്ച രേഖകൾ ആ സഭ പിരിയുന്നതിന് മുമ്പുതന്നെ എല്ലാ മെമ്പർമാർക്കും എത്തിച്ചുകൊടുക്കുകയും ചെയ്തു. ഒന്നും രഹസ്യമായി വയ്ക്കണമെന്ന് ഗവൺമെന്റിന് ഒരു താല്പര്യവുമില്ല. റിലവന്റ് ആയിട്ടുള്ള കാര്യങ്ങൾ മാത്രമേ അറിയിക്കേണ്ടതായിട്ടുള്ളു. ഇതു സംബന്ധിച്ചുള്ള വിശദമായ രേഖകൾ അന്ന് നൽകുകയും ചെയ്തു. അത്യാവശ്യമുള്ള കാര്യങ്ങൾ ഇനിയും നൽകാൻ തയാറാണ്.

(2) പത്രപ്രവർത്തകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. പി.സി. ജോർജ് : സർ, കേരളത്തിലെ പത്ര ജീവനക്കാർ നേരിടുന്ന ചില ഗുരുതരമായ പ്രശ്നത്തിലേക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. പത്ര പ്രവർത്തനമെന്നുവെച്ചാൽ നിങ്ങൾക്ക് ഒരു സംശയമുണ്ട്. മലബാർ ഇന്ത്യ പബ്ലിക്കേഷൻ എന്നൊരു പത്രസ്ഥാപനം ഉണ്ട്. അവിടത്തെ തൊഴിലാളികൾ മുഴുവനും എന്റെ യൂണിയനിൽപ്പെട്ടവരാണ്. പത്ര പ്രവർത്തകരുടെ പ്രശ്നങ്ങളാണ് ഞാൻ ഉന്നയിക്കുന്നത്. നിയമസഭ ഇത് ചർച്ച ചെയ്യുകയും കക്ഷി ഭേദമന്യേ ഉത്കണ്ഠ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പത്ര പ്രവർത്തനത്തിൽ ലഭിക്കുന്ന വേതനത്തെ സംബന്ധിച്ച് വളരെ തെറ്റായ ഒരു ധാരണയാണ് സത്യത്തിൽ ഇന്ന് നിലവിലുള്ളത്. മാസവേതനം എത്ര കിട്ടുമെന്നു തുറന്നുപറയാൻപോലും യഥാർത്ഥത്തിൽ കഴിയാതെ സംതൃപ്തിയുടേയും ഉന്നത സാമൂഹ്യ പദവികളുടേയും മുഖം മൂടികളുമായിട്ടാണ് നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം പത്രപ്രവർത്തകരും ജീവിക്കുന്നത്. മാധ്യമരംഗത്ത് ജോലിചെയ്യുന്ന ഏറെ പേരുടെ വേതനം വളരെ തുച്ഛമാണ്. യഥാർത്ഥത്തിൽ 1995-ലെ വർക്കിംഗ് ജേർണലിസ്റ്റ് ആന്റ് ന്യൂസ് പേപ്പർ എംപ്ലോയീസ് ആക്ട് പ്രകാരം രൂപീകരിക്കുന്ന വേജ് ബോർഡ് വേതന ഘടന പ്രഖ്യാപിച്ചാൽ തൊഴിലുടമകൾ അത് സ്വീകരിക്കാൻ ബാദ്ധ്യസ്ഥരാണ്. ഉത്തരവ് നടപ്പിലാക്കാതിരിക്കുന്നത് കുറ്റകരമാണ്. ശിക്ഷ ചെറുതാണെന്നുള്ള സത്യം നമുക്കറിയാം. എങ്കിലും കുറ്റം കുറ്റമല്ലാതാകുകയില്ലല്ലോ. ഈ അർത്ഥത്തിൽ ഭൂരിപക്ഷം പത്രസ്ഥാപനങ്ങളും കുറ്റവാളികളാണ് എന്നതാണ് സത്യം. കേരളത്തിലെ പത്രപ്രവർത്തകരിൽ ഭൂരിപക്ഷത്തിനും മുമ്പ് ഉണ്ടായിരുന്ന വേജ് ബോർഡ് ശുപാർശയനുസരിച്ചുള്ള ശമ്പളം കിട്ടുന്നില്ലയെന്നതാണ് സത്യം. ആദ്യത്തെ വേജ് ബോർഡായിട്ടുള്ള എച്ച്. വി. ഡേവേറ്റിയ വേജ് ബോർഡ് റിപ്പോർട്ട് 1957 മേയിലാണ് സമർപ്പിച്ചത്. ആ കാലത്ത് അതിന്റെ ആനുകൂല്യം ഭൂരിപക്ഷം പത്രപ്രവർത്തകർക്കും ലഭിച്ചിരുന്നു എന്നു

LIBRARY ARCHIVES Kerala Legislative Assembly